**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3034

21.06.2013 ലെ
മറുപടിയ്ക്ക്

**വയനാട് ജില്ലയിൽ എം.എസ്.ഡി.പി. പദ്ധതിയുടെ പ്രവർത്തന പുരോഗതി**

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന എം.എസ്.ഡി.പി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ജില്ലയിൽ നടപ്പാക്കിയ പദ്ധതികളുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിയുടെ ഭൗതിക ലക്ഷ്യം എത്രയാണെന്നും ആയതിനുള്ള എസ്റ്റിമേറ്റ് എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും

പതിനൊന്നാം പഞ്ചവത്സര പദ്ധതികാലത്ത് വയനാട് ജില്ലയിൽ എം.എസ്.ഡി.പി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത 4 പ്രവൃത്തികളിൽ 2 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം പൂർത്തിയായി വരുന്നു. കൂടാതെ, എം.എസ്.ഡി.പി.-യുടെ ഭാഗമായി സുൽത്താൻ ബത്തേരി താലൂക്ക് ഹോസ്പിറ്റലിന്റെ 2,3,4 നിലകളുടെ നിർമ്മാണത്തിന് 10 കോടി (750 ലക്ഷം - കേന്ദ്രവിഹിതം+ 250 ലക്ഷം - സംസ്ഥാനവിഹിതം) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | വയനാട് ജില്ലയിൽ 10 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 (153 - കേന്ദ്ര വിഹിതം + 27 - സംസ്ഥാനവിഹിതം) | 180 |
| 2. | 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ്സുറികളുടെ നിർമ്മാണം. | 423.29 (227.50 - കേന്ദ്രവിഹിതം + 195.79 -സംസ്ഥാന വിഹിതം) | 423.29 |
| 3. | പാടിച്ചിറ, നടവയൽ, പടിഞ്ഞാറത്തറ-കപ്പാടി വില്ലേജുകളിലെ കുടിവെള്ള പദ്ധതി | 1380 (1035 -കേന്ദ്രവിഹിതം + 345 - സംസ്ഥാന വിഹിതം) | 1291.11 |
| 4. | മേപ്പാടി ഗവ.പോളിടെക്നിക്കിന്റെ നവീകരണം | 75 (74.130 - കേന്ദ്രവിഹിതം + 0.87 -സംസ്ഥാന വിഹിതം) | 37.93 |

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലത്ത് എം.എസ്.ഡി.പി പദ്ധതി ന്യൂനപക്ഷ കേന്ദ്രീകൃത പിന്നോക്ക ബ്ലോക്കുകളും പ്രദേശങ്ങളും കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. വയനാട് ജില്ലയിലെ പനമരം, മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ ബ്ലോക്കിനും/ടൗണിനും പത്ത് കോടി രൂപയുടെ വീതം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് വയനാട്, മലപ്പുറം ജില്ലാഭരണകൂടം സമർപ്പിച്ച പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് സംസ്ഥാനതല സമിതി ശുപാർശ ചെയ്ത് കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ